## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3437** **02-03-2023 - ൽ മറുപടിയ്ക്ക്**

## തിരുവമ്പാടി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പഴം, പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിളകൾ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള കോൾഡ് സ്റ്റോറേജുകൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതിയുടെയും, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനിലൂടെ MIDH പദ്ധതിയുടെയും, ധനസഹായത്തോടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കോൾഡ് സ്റ്റോറേജ്/കോൾഡ് ചെയിൻ സംവിധാനങ്ങൾ ആരംഭിക്കാവുന്നതാണ്. AIF പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 14 കോൾഡ് സ്റ്റോറേജ്/കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അനുയോജ്യമായ പദ്ധതി ലഭ്യമാണെങ്കിൽ തിരുവമ്പാടി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | അനുയോജ്യമായ പദ്ധതി തയ്യാറാക്കി ബാങ്കിന് സമർപ്പിച്ച് അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും വായ്പ ലഭ്യമാക്കിയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിലൂടെയും, പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള സബ്സിഡി നിരക്കിലും കോൾഡ് സ്റ്റോറേജുകൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ